പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2340 — 9/3/2018 ൽ മറുപടിക്ക്

## നാദാപുരം മണ്ഡലത്തിലെ ആട് വസന്ത രോഗം

ചോദ്യം — മറുപടി

**ശ്രീ.ഇ.കെ. വിജയൻ :** — **അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി).**

| | |
|---|---|
| നാദാപുരം മണ്ഡലത്തിലെ വളയത്ത് 'ആട് വസന്ത' സ്ഥിരീകരിച്ച സാഹചര്യത്തിൽ രോഗം വ്യാപിക്കാതിരിക്കാൻ എന്തൊക്കെ പ്രതിരോധ നടപടികൾ ആരംഭിച്ചിട്ടുണ്ട്; വിശദമാക്കാമോ? | കോഴിക്കോട് ജില്ലയിലെ നാദാപുരം മണ്ഡലത്തിലെ വളയത്ത് രോഗം ശ്രദ്ധയിൽപ്പെടുകയും ആട് വസന്തയുടെ ലക്ഷണങ്ങൾ കാണുകയും ചെയ്തതിനെ തുടർന്ന് മൃഗങ്ങളെ പൂക്കോട് വെറ്ററിനറി കോളേജിൽ 15/02/2018-ന് തന്നെ എത്തിക്കുകയും, പോസ്റ്റ് മോർട്ടം നടത്തി 16/02/2018ന് രോഗം സ്ഥിരീകരിച്ച് ഉടനടി പ്രതിരോധ നടപടികൾ ആരംഭിക്കുകയും ചെയ്തു.വളയം ,ചെക്യാട് എന്നീ പഞ്ചായത്തുകളിലും രോഗം കണ്ടെത്തിയ ഫാമിന് ചുറ്റിലുമായി മുന്നൂറോളം ആടുകൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നടത്തി. ഇപ്പോൾ രോഗം നിയന്ത്രണ വിധേയമാണ്.രോഗം കണ്ടെത്തിയ ഫാമിൽ നിന്നും ആടുകളെ പുറത്തേക്കും, മറ്റു ഫാമുകളിലേക്കും കൊണ്ടുപോകുന്നതിനും പുറത്തു നിന്നും പുതിയ ആടുകളെ ഫാമിലേക്ക് കൊണ്ട് വരുന്നതും വിലക്കിയിട്ടുണ്ട്.കൂടാതെ മറ്റ് ഫാമുകളിൽ നിന്നും രോഗം ബാധിച്ച ഫാമിലേക്കോ തിരിച്ച് രോഗം കണ്ടെത്തിയ ഫാമിൽ നിന്നും മറ്റ് ഫാമുകളിലേക്കോ സന്ദർശകരും പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.രോഗം ബാധിച്ച ഫാമും പരിസരവും അണുവിമുക്തമാക്കാൻ വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻഓഫീസർ